# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2882** **10.03.2017-ൽ മറുപടിയ്ക്ക്**

**<u>ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കുന്നതിന് നടപടി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ യു. ആർ. പ്രദീപ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് തീരക്കടലിൽ മത്സ്യത്തിന്റെ ലഭ്യത അനുദിനം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) മത്സ്യലഭ്യത ഉറപ്പുവരുത്തുന്നതിനായി ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | ബി) ഫിഷറീസ് വകുപ്പ് മുഖേന ശുദ്ധജല മത്സ്യകൃഷിക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2015-18 വർഷ കാലയളവിൽ കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി II പദ്ധതി. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന വിവിധ ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• കുളങ്ങളിലെയും ഇതര ജലസംഭരണികളിലെയും ശുദ്ധജല മത്സ്യകൃഷി<br>• പാടശേഖരങ്ങളിലെയും കോൾ പാടങ്ങളിലേയും മത്സ്യ/ആറ്റുകൊഞ്ചു കൃഷി<br>• സംയോജിത മത്സ്യകൃഷി<br>• പൊക്കാളി / കൈപ്പാടു നിലങ്ങളിലെയും സ്വകാര്യ കുളങ്ങളിലെയും ചെമ്മീൻ കൃഷി<br>• കരിമീൻ മിനി ഹാച്ചറികൾ<br>• കുളങ്ങളിലെ കരിമീൻ കൃഷി<br>• അടുക്കളക്കുളങ്ങൾ<br>• കൂടുകളിലെ കരിമീൻ കൃഷി<br>• ഞണ്ടു പരിപോഷണം / ഞ ണ്ടു കൃഷി<br>• കല്ലുമ്മേക്കായ കൃഷി<br>• മാതൃകാ കൂടുകൃഷി യൂണിറ്റുകൾ<br>• മാതൃകാ മത്സ്യഫാമുകൾ |

- പടുതാക്കുളങ്ങളിലെ മത്സ്യകൃഷി
- പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള ഓപ്പൺ വാട്ടർ റാഞ്ചിംഗ്

കൂടാതെ സംസ്ഥാനത്തെ ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷി രീതി വ്യാപിപ്പിക്കുന്നതിനുമായി നൂതന മത്സ്യകൃഷിയുടെ പ്രദർശനകുളങ്ങൾ നടപ്പിലാക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടു ണ്ട്. ഓരുജലമത്സ്യങ്ങളുടെ സമ്മിശ്രമത്സ്യകൃഷി, ഓരുജലമത്സ്യങ്ങളുടെ കൂടുകൃഷി, റിസർവോയറുകളിലെ കൂടുകൃഷി, SPF കാരചെമ്മീൻ കൃഷി, ആറ്റുകൊഞ്ചുകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, സമുദ്രങ്ങളിലെ ചിപ്പി, കല്ലുമ്മേക്കായ് കൃഷി, ഗിഫ്റ്റ് കൃഷി, നാരൻ ചെമ്മീൻ കൃഷി, അന്തരീക്ഷവായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും 2017-18 സാമ്പത്തികവർഷത്തിൽ പൊതുജലാശയങ്ങളിലെ മത്സ്യകുഞ്ഞുനിക്ഷേപം, കായൽ പട്രോളിംഗ്, മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കൽ, മത്സ്യഹാച്ചറികളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, മത്സ്യഹാച്ചറികളുടെയും ഫാമുകളുടെയും നവീകരണം, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ, മാതൃകാമത്സ്യഫാമുകൾ സ്ഥാപിക്കൽ, മത്സ്യതീറ്റ ഫാക്ടറിയുടെ നിർമ്മാണം എന്നീ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 4888 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടു ണ്ട്.

സെക്ഷൻ ആഫീസർ